"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - പുനർവിന്യാസം - ഫിഷറീസ് വകുപ്പിൽ നിന്നും കാസർഗോഡ് ജില്ലാ പഞ്ചായത്തിൽ പുനർവിന്യാസ വ്യവസ്ഥയിൽ സേവനമനുഷ്ഠിച്ചു വരുന്ന സീനിയർ ക്ലർക്ക് ശ്രീ. സുരേഷ് ബാബു പി യെ മാതൃവകുപ്പിലേയ്ക്ക് തിരികെ പ്രവേശിപ്പിച്ചുകൊണ്ടും പകരം കാസറഗോഡ് ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിലെ ക്ലാർക്ക് ശ്രീ. യുഗേഷ് . എം - നെ പുനർവിന്യാസ വ്യവസ്ഥയിൽ നിയമിച്ചുകൊണ്ടും ഉത്തരവാകുന്നു.

---

തദ്ദേശ സ്വയംഭരണ (ഇ ആർ എ) വകുപ്പ്

സ.ഉ.(സാധാ) നം.1966/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 11/10/2021

---

പരാമർശം:-

1. സ.ഉ.(കൈ) നം. 64/2007/തസ്വഭവ തീയതി 02.03.2007.
2. സ.ഉ.(കൈ) നം. 149/2014/തസ്വഭവ തീയതി 19.08.2014.
3. അഡ്വക്കേറ്റ് ജനറലിന്റെ 18.03.2020-ലെ A2-OAEKM440/2020/2020008231 നമ്പർ കത്ത്.
4. ഫിഷറീസ് ഡയറക്ടറുടെ 17.03.2020, 24.12.2020 തീയതികളിലെ DFTVM/903/2020-A1 നമ്പർ കത്തുകൾ.

<u>ഉത്തരവ്</u>

ഫിഷറീസ് വകുപ്പിലെ ക്ലാർക്ക് ശ്രീ. സുരേഷ് ബാബു പി യെ കാസർഗോഡ് ജില്ലാ പഞ്ചായത്തിൽ പരാമർശം (1) പ്രകാരം പുനർവിന്യാസ വ്യവസ്ഥയിൽ നിയമിച്ചിരുന്നു. തുടർന്നുള്ള സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ കാസർഗോഡ് ജില്ലാ പഞ്ചായത്തിൽ സേവനമനുഷ്ഠിച്ചു വന്നിരുന്ന ടിയാന്റെ പുനർവിന്യാസ കാലാവധി പരാമർശം (2) പ്രകാരം അവസാനിക്കുകയുണ്ടായി. പുനർവിന്യാസ കാലാവധി അവസാനിച്ചിട്ടും മാതൃവകുപ്പിലേയ്ക്ക് തിരികെ പ്രവേശിപ്പിക്കാത്തതിനാൽ ശ്രീ. സുരേഷ് ബാബു പി OA 440/2020 നമ്പരായി ബഹു അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുൻപാകെ കേസ് ഫയൽ ചെയ്തിരുന്നു. തുടർന്ന് ടിയാനെ മാതൃവകുപ്പിലേക്ക് തിരികെ പ്രവേശിപ്പിക്കുന്നതിനായി സമർപ്പിച്ച അപേക്ഷ വകുപ്പ മേധാവി സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുകയുണ്ടായി. ശ്രീ. സുരേഷ് ബാബു. പി യെ മാതൃവകുപ്പിലേയ്ക്ക് തിരികെ പ്രവേശിപ്പിക്കുന്നതിനു പകരം കാസറഗോഡ് ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിലെ ഏറ്റവും ജൂനിയർ ആയിട്ടുള്ള ക്ലർക്ക് ശ്രീ. യുഗേഷ് . എം - നെ കാസറഗോഡ് ജില്ലാ പഞ്ചായത്തിലേക്ക് പുനർവിന്യസിക്കാവുന്നതാണെന്നും ശ്രീ. സുരേഷ് ബാബു വിനെതിരെ വിജിലൻസ് അന്വേഷണമോ/മറ്റു നടപടികളോ നിലവില്ല എന്നും ഫിഷറീസ് ഡയറക്ടർ പരാമർശം (4) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഫിഷറീസ് വകുപ്പിൽ നിന്നും കാസർഗോഡ് ജില്ലാ പഞ്ചായത്തിൽ പുനർവിന്യാസ തസ്തികയിൽ സേവനമനുഷ്ഠിച്ചു വരുന്ന സീനിയർ ക്ലാർക്ക് ശ്രീ.സുരേഷ് ബാബു പി യെ മാതൃവകുപ്പിലേയ്ക്ക് തിരികെ പ്രവേശിപ്പിച്ചുകൊണ്ടും പകരം കാസറഗോഡ് ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിലെ ക്ലർക്ക് ശ്രീ. യുഗേഷ്. എം - നെ ടി

സ്ഥാപനത്തിൽ പുനർവിന്യസിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
Balumahendra B
**അണ്ടർ സെക്രട്ടറി**

ഡയറക്ടർ, ഫിഷറീസ് വകുപ്പ്, തിരുവനന്തപുരം.
ശ്രീ. സുരേഷ് ബാബു പി, സീനിയർ ക്ലാർക്ക്, കാസർഗോഡ് ജില്ലാ പഞ്ചായത്ത്.(വകുപ്പ് മേധാവി മുഖേന)
ശ്രീ. യുഗേഷ്. എ, ക്ലാർക്ക്, കാസറഗോഡ് ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം.(വകുപ്പ് മേധാവി മുഖേന)
സെക്രട്ടറി, കാസർഗോഡ് ജില്ലാ പഞ്ചായത്ത്.
ഫിഷറീസ് വകുപ്പ്(Fand P-A1/230/2018-F and P മുഖേന)

ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) ഡിപ്പാർട്ട്മെന്റ്. (ഗവ.വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ